മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)
മൂന്നാം ഫ്ലോര്, റവന്യു കോംപ്ലക്സ്, പബ്ലിക് ഓഫീസ് കോംപൗണ്ട്,
തിരുവനന്തപുരം -33
ഫോൺ: 0471-2313385, 1800 425 1004 (Helpline),
ഫാക്സ്: 0471-2312385
ഇ-മെയിൽ: mgnrega.kerala@gov.in, mgnregakerala2023@gmail.com

നം:NREGA/1483/2023-A4 തീയതി : 31-07-2024

**<u>സർക്കുലർ</u>**

വിഷയം: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) -ജീവനക്കാർക്ക് ശമ്പളം SNA-REAT സംവിധാനത്തിലൂടെ നല്കുന്നത് സംബന്ധിച്ചുള്ള നിര്ദ്ദേശങ്ങള് പുറപ്പെടുവിക്കുന്നു.

സൂചന: 1. 07-04-2022 തീയതിയിലെ ഈ ഓഫീസിലെ NREGA/94/2022-E2 നമ്പർ കത്ത്.

2. 21-11-2023 തീയതിയിലെ ഈ ഓഫീസിലെ NREGA/820/2022-E2 നമ്പർ കത്ത്.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയില് നിലവില് മെറ്റീരിയല്/ഭരണച്ചെലവ് എന്നിവ SNA-REAT സംവിധാനത്തിലൂടെയാണ് നല്കി വരുന്നത്. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെ നിര്ദേശ പ്രകാരം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വഴി നല്കുന്ന എല്ലാ തരത്തിലുള്ള ഫണ്ടും വെണ്ടര്/ഉദ്യോഗസ്ഥരുടെ അക്കൗണ്ടിലേക്ക് നേരിട്ട് (DBT) നല്കണം എന്ന് വ്യവസ്ഥചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് സൂചന (1), (2) പ്രകാരം ഈ ഓഫീസിൽ നിന്നും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>മെറ്റീരിയല്/ഭരണച്ചെലവിനായി തുക അനുവദിക്കുമ്പോള് ചുവടെ നല്കിയിട്ടുള്ള നിര്ദ്ദേശങ്ങള് പൂർണ്ണമായും പാലിക്കേണ്ടതാണ്.</u>

1. തനത് ഫണ്ട് ഇല്ലാത്ത ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലകള്ക്കും ഭരണച്ചെലവിനത്തിൽ അനുവദിക്കുന്ന ഉദ്യോഗസ്ഥരുടെ വേതനം അവരുടെ വ്യക്തിഗത അക്കൌണ്ടുകളിലേയ്ക്ക് മാത്രം നൽകേണ്ടതാണ്. മറ്റ് അക്കൌണ്ടുകളിലേയ്ക്ക് മാറ്റി നിക്ഷേപിക്കുന്നത് സാമ്പത്തിക ക്രമക്കേടായി കണക്കാക്കി പിഴപ്പലിശ ഉൾപ്പെടെ ഈടാക്കുന്ന തുടര് നടപടി സ്വീകരിക്കുന്നതുമാണ്.
2. തനത് ഫണ്ട് ഇല്ലാത്ത ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകള്ക്കും ജില്ലകള്ക്കും ഭരണ ചെലവ് ഇനത്തില് അനുവദിക്കുന്ന ഉദ്യോഗസ്ഥരുടെ വേതനം ഒഴികെയുള്ള തുകകള് അഡ്മിന് അക്കൗണ്ടിൽ ക്രെഡിറ്റ് ആയി 5 ദിവസത്തിനുള്ളില് വിതരണം പൂർത്തീകരിക്കേണ്ടതുമാണ്. 5

ദിവസത്തിലധികം അക്കൌണ്ടിൽ അവശേഷിക്കുന്ന തുക ഓഡിറ്റ് പരാമർശത്തിന് വിധേയമാകുന്നതിനാല് അത്തരം തുക ജീവനക്കാരുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

3. ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുകള്ക്ക് തനത് ഫണ്ടില് നിന്നും ഭരണ ചെലവുകള്ക്കായി ചെലവാകുന്ന തുക ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിന്റെ NREGASoft-ൽ അഡ്മിന് വെണ്ടർ അക്കൌണ്ടായി രജിസ്റ്റര് ചെയ്തിട്ടുള്ള അക്കൗണ്ടിലേക്ക് MIS മുഖേന പിന്‌വലിക്കാവുന്നതും 5 ദിവസത്തിനുള്ളില് തനത് ഫണ്ട് അക്കൗണ്ടിലേയ്ക്ക് മാറ്റി നിക്ഷേപിക്കേണ്ടതുമാണ്.
4. ഗ്രാമ/ബ്ലോക്ക്/ജില്ല പഞ്ചായത്ത് എന്നിവയ്ക്ക് NREGA Soft-ൽ അഡ്മിന് വെണ്ടർ ആയി രജിസ്റ്റര് ചെയ്തിട്ടുള്ള അക്കൌണ്ടില് ആർജിക്കുന്ന തൊഴിലുറപ്പ് ഫണ്ടിന്റെ പലിശ പാദവാര്ഷികമായി സംസ്ഥാന മിഷന് അക്കൌണ്ടില് തിരിച്ചടക്കേണ്ടതും ആയതിന്റെ വിശദാംശങ്ങൾ ജില്ലാതലത്തിൽ ക്രോഡീകരിച്ച് സംസ്ഥാന മിഷന് ഓഫീസില് ലഭ്യമാക്കേണ്ടതുമാണ്.
5. CA ഓഡിറ്റ് നടത്തുന്ന വേളയില് ഗ്രാമ പഞ്ചായത്തുകളിലെ മെറ്റീരിയല്/അഡ്മിന് അക്കൌണ്ടുകള്, ബ്ലോക്ക്/ജില്ല പഞ്ചായത്തുകളിലെ അഡ്മിന് വെണ്ടര് ആയി രജിസ്റ്റര് ചെയ്തിട്ടുള്ള അക്കൌണ്ടുകള് എന്നിവ പ്രത്യേകമായി ഓഡിറ്റിന് വിധേയമാക്കേണ്ടതും ഓഡിറ്റ് പരാമര്ശങ്ങള് പ്രത്യേകമായി തീർപ്പാക്കി റിപ്പോർട്ട് ലഭ്യമാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ ഗ്രാമ/ബ്ലോക്ക്/ജില്ലാ തലങ്ങളിൽ പാലിക്കുന്നുണ്ടെന്നെന്ന് പരിശോധിച്ച് സംസ്ഥാന മിഷനിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ട നിയന്ത്രണ ഏകോപന ചുമതലാധികാരം ജില്ലാ തലത്തില് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരിലും ബ്ലോക്ക് തലത്തില് ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരിലും നിക്ഷിപ്തമായിരിക്കും.

വിശ്വസ്തതയോടെ,

Signed by
Nizamudeen A Ias
Date: 31-07-2024 16:37:17
MISSION DIRECTOR

പകര്പ്പ് :-

1. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും
2. എല്ലാ ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാർക്കും (ജെ.പി.സി മുഖേന)
3. സ്റ്റേറ്റ് ഐ.ടി.പി, nregs.kerala.gov.in വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്
4. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ